ഉത്തരം

(എ) അച്ചടിവകുപ്പിൽ 2000 ഓഗസ്റ്റിൽ 6 ഡിജിറ്റുള്ള നമ്പറിംഗ് മെഷീൻ മുംബൈയിലുള്ള ജ്യോതിരാജ് ഇന്റർനാഷണൽ കമ്പനിയിൽ നിന്നും ഒരെണ്ണത്തിന് 3,612 രൂപ 96 പൈസയാണ് വാങ്ങിയത്.

(ബി) 500 എണ്ണം

(സി) കെ.ബി.പി.എസ്സിൽ 62 മെഷീനുകൾ ഓരോന്നിനും 2892 രൂപ 24 പൈസ വിലയിൽ വാങ്ങിയിട്ടുണ്ട്.

(ഡി-എഫ്) പരിശോധിക്കുന്നതാണ്.

[നക്ഷത്രചിഹ്നമിടാത്ത 1713,1724 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.]

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

മി. സ്പീക്കർ : Calling attention, ശ്രീ. നീലലോഹിത ദാസൻ നാടാർ, 9.30 A.M] .....(ബഹളം).....That is not admissible..... പോയിന്റ് ഓഫ് ഓർഡർ എന്താണ്? .....(ബഹളം).....

ശ്രീ. എ. കെ. ബാലൻ : 133-ലെ സെക്കൻഡ് പ്രൊവിസോ അനുസരിച്ചു തന്നെയാണ് എന്റെ പോയിന്റ് ഓഫ് ഓർഡർ. .....(ബഹളം).....അല്ല, ഞാൻ പറയുന്നത് ആദ്യം ഒന്ന് കേൾക്കണ്ടേ ?

മി. സ്പീക്കർ : ആവശ്യമില്ലാത്തത് പറയാൻ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാൻ പറ്റില്ല. .....(ബഹളം).....

II ക്രമപ്രശ്നം

വിജിലൻസ് ഡിപ്പാർട്ടുമെന്റ് എഫ്.ഐ.ആർ. ഹാജരാക്കണമെന്നത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ : ഞാൻ കട്ടകേസ് പറയുന്നില്ല, ഞാൻ ഒരാളിന്റേയും പേരേ പറയുന്നില്ല. കഴിഞ്ഞ പത്ത് മാസമായി വിജിലൻസ് കോർട്ട് മൂന്നു പ്രാവശ്യം വിജിലൻസ് ഡിപ്പാർട്ടുമെന്റിനോട് ഒരു കാര്യം പറഞ്ഞു. നിങ്ങൾ ഒരു കേസുമായി ബന്ധപ്പെട്ടുകൊണ്ട് അന്വേഷണം നടത്തി എഫ്.ഐ.ആർ. ഇട്ട് ഈ കോടതിക്ക് തരണം എന്ന് മൂന്നു പ്രാവശ്യം പറഞ്ഞിട്ട് പോലും വിജിലൻസ് ഡിപ്പാർട്ടുമെന്റ് അത് കംപ്ലൈ ചെയ്തിട്ടില്ല. അതുകൊണ്ട് വളരെ പ്രധാനപ്പെട്ടകാര്യമെന്നുള്ള നിലയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്, മുഖ്യമന്ത്രിയാണ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്നത്. വിജിലൻസ് കോർട്ടിന്റെ ഡയറക്ഷൻ കംപ്ലൈ ചെയ്യുന്നതിന് വിജിലൻസ് ഡിപ്പാർട്ടുമെന്റിനുള്ള .....(ബഹളം)..... പോയിന്റ് ഓഫ് ഓർഡറാണ്. ഞാൻ ഒന്നും ഇതിൽ പറയുന്നില്ല. ആരുടെ പേരും പറയുന്നില്ല.

മി.സ്പീക്കർ : ഇത് പോയിന്റ് ഓഫ് ഓർഡറിൽ പറയേണ്ട കാര്യമാണോ ? No, No..... I don't want to hear this. .....ബഹളം.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : അതുകൊണ്ട് വിജിലൻസ് ഡിപ്പാർട്ട്മെന്റിന് എതിരായിട്ട് ബഹുമാനപ്പെട്ട കോടതിയുടെ ഭാഗത്തുനിന്ന് പരാമർശം വന്ന സ്ഥിതിക്ക് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ആ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒബ്സർവേഷൻ എന്താണ്? കേസ് എടുക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതല്ല പ്രശ്നം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ക്രെഡിബിലിറ്റിയെ ബാധിക്കുന്നതാണ്. വിജിലൻസ് ഡിപ്പാർട്ട്മെന്റിനെതിരായി ഈ രൂപത്തിലുള്ള.....

മി. സ്പീക്കർ : Why do you want to make this a big issue ? This is a minor issue. You want to make it a big issue ? ഇതിൽ പോയിന്റ് ഓഫ് ഓർഡറൊന്നുമില്ല. അടിയന്തിരപ്രമേയം അനുവദിക്കാനും നിവൃത്തിയില്ല. കാരണം കോടതിയുടെ മുമ്പിലിരിക്കുന്ന, ട്രൈബ്യൂണലിന്റെ മുമ്പിലിരിക്കുന്ന ഒരു കാര്യത്തെക്കുറിച്ച് ഇവിടെ നമുക്ക് അടിയന്തരപ്രമേയം ഉന്നയിക്കാൻ പാടില്ലായെന്ന് റൂൾ-53-ൽ വളരെ സ്പെസിഫിക്കായി പറയുന്നുണ്ട്. Balan, you sit down please. അതുമാത്രമല്ല, രാഷ്ട്രീയക്കാരെക്കുറിച്ച് കമന്റടിക്കുന്നത് ഈ അടുത്തകാലത്തുള്ള ഒരു പ്രവണതയാണ്. അത് നമ്മൾ എൻകറേജ് ചെയ്യാൻ പാടില്ല. ഇത് രണ്ട് വശത്തുള്ളവരും നോക്കേണ്ടതാണ്. കൂടുതൽ പ്രസിദ്ധീകരണം കിട്ടുമെന്നുള്ളതുകൊണ്ട് രാഷ്ട്രീയക്കാരെക്കുറിച്ച് അനാവശ്യമായ കമന്റ് പാസ്സാക്കുകയാണ്. അതോന്നും നമ്മൾ എൻകറേജ് ചെയ്യാൻ പാടില്ല. രണ്ട് കൂട്ടരോടും ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇനി പ്രതിപക്ഷ നേതാവിന് എന്താണ് പറയാനുള്ളത് ?

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, അടിയന്തിരപ്രമേയം അനുവദിക്കാൻ ഇടയില്ലാത്ത, പാടില്ലാത്ത കാര്യങ്ങളെക്കുറിച്ച് സ്പീക്കർ ചിലപ്പോൾ അത് സബ്മിഷനായി അനുവദിക്കാറുണ്ട്. ഇത് സംബന്ധിച്ച് ആറേഴ് പത്രങ്ങളിൽ സഭ നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ വാർത്തകൾ വന്നതാണ്.

മി. സ്പീക്കർ : ചട്ടവിരുദ്ധമായി പ്രതിപക്ഷ നേതാവ് ഒന്നും ചെയ്യരുത്. സബ്മിഷനുള്ള സ്കോപ്പ് എന്താണ് ? അടിയന്തിരപ്രമേയം അനുവദിച്ചില്ല, അത് ഉന്നയിക്കാൻ പോലും അനുവദിച്ചില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സഭ നടന്നുകൊണ്ടിരിക്കുമ്പോൾ ബഹുമാനപ്പെട്ട ഒരു മന്ത്രിയെക്കുറിച്ച് വാർത്ത വന്നാൽ അതുമായി ബന്ധപ്പെട്ട് പറഞ്ഞിരിക്കുന്നത് എന്താണെന്നുവച്ചാൽ വിജിലൻസ് വകുപ്പിന്റെ കുറ്റകരമായ സമീപനത്തെപ്പറ്റിയാണ് വിജിലൻസ് കോടതി പരാമർശിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് മുഖ്യമന്ത്രിയോ ബന്ധപ്പെട്ട മന്ത്രിയോ ഈ സഭയ്ക്ക് വിശദീകരണം നൽകത്തക്ക വിധത്തിൽ അങ്ങ് ഒരു സബ്മിഷൻ എങ്കിലും അനുവദിച്ചുവെങ്കിൽ മനസ്സിലാക്കാൻ കഴിയുമായിരുന്നു. അതുപോലും ഇല്ല. ഈ സഭ നടന്നു കൊണ്ടിരിക്കുമ്പോൾ ആറേഴ് പത്രങ്ങളിൽ ആണ് വാർത്ത വരുന്നത്. ഈ സഭയിൽ വരുന്ന ഞങ്ങൾക്ക് എങ്ങനെയാണ് മിണ്ടാതിരിക്കാൻ കഴിയുക ? അതുകൊണ്ട് അങ്ങയുടേയും ഗവൺമെന്റിന്റേയും ഇക്കാര്യത്തിലുള്ള സമീപനത്തോട് ഞങ്ങൾക്ക് യോജിക്കാൻ കഴിയില്ല. ഈ സമീപനം ശരിയല്ല. ഞങ്ങൾ ഇതിനോടുള്ള പ്രതിഷേധം രേഖപ്പെടുത്തുകയാണ്.....(ബഹളം).....

മി.സ്പീക്കർ : ഇതേക്കുറിച്ച് ചർച്ച ചെയ്താൽ നാലാം തീയതി ട്രാൻസ്ഫർ ചെയ്ത ജഡ്ജ് ചാർജ്ജെടുക്കാൻ ആൾ വന്നിട്ടും പോകാതെ എന്തിന് 25-ാം തീയതി വരെ ഇരുന്നുവെന്നുള്ളതെല്ലാം നമ്മൾ പറയേണ്ടിവരും. അതുകൊണ്ട് പറയാതിരിക്കുകയാണ്.....(ബഹളം).....

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോവുകയും അൽപ്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാവുകയും ചെയ്തു.)

Mr. Speaker : Calling Attention.....

Dr. A. Neelalohithadasan Nadar.....He is not moving. Shri. Mammen Mathai..... He is in the hospital. I am very sorry to inform you that he is a little bit serious and we will all pray for his speedy recovery. Submissions.....Shri Mohammedali,.....

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ,

മി. സ്പീക്കർ : അത് കഴിഞ്ഞുപോയില്ലേ ..... സബ്മിഷൻ ആയില്ലേ ..... Any way I permit you. Come on.

III ശ്രദ്ധ ക്ഷണിക്കൽ

(1) കടലാക്രമണവും പ്രകൃതിക്ഷോഭവുംമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, നമ്മുടെ തീരപ്രദേശങ്ങൾ അതിരൂക്ഷമായ കടലാക്രമണംകൊണ്ടും മലയോരങ്ങൾ മണ്ണൊലിപ്പും മലയിടിച്ചിലും കൊണ്ടും സമതല പ്രദേശങ്ങൾ പുഴകളുടേയും മറ്റും കര ഇടിയുന്നതുകൊണ്ടും ജനങ്ങൾക്ക് വല്ലാത്ത ബുദ്ധിമുട്ടുണ്ടായി കൊണ്ടിരിക്കുകയാണ്. ഈ പ്രശ്നങ്ങൾ അടിയന്തിര പ്രാധാന്യത്തോടുകൂടി കൈകാര്യം ചെയ്യുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് വലിയ വീഴ്ചയാണുണ്ടായിക്കൊണ്ടിരിക്കുന്നത്. കാസർകോഡ് ജില്ലയിൽ മാവില കടപ്പുറത്ത് വലിയൊരു പ്രദേശം മലയിടിച്ചിൽ ഭീഷണിയിലാണ്. ഒരു വശത്ത് കടലാക്രമണവും മറുവശത്ത് ഓരിപ്പുഴയുടെ തീരത്ത് ശക്തമായ കരയിടിച്ചിലും നിലനിൽക്കുന്നു. കാസർകോഡ് ജില്ലയിൽത്തന്നെ കാരിപ്പുഴയിലും പൈനിക്കരയിലും ഉരുൾപൊട്ടൽമൂലം വമ്പിച്ച നാശനഷ്ടങ്ങൾ ഉണ്ടായിരിക്കുകയാണ്. കാസർകോഡ്-ഹോസ്ദുർഗ്ഗ് താലൂക്കുകളിൽ കാലവർഷക്കെടുതിമൂലം ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായി. കണ്ണൂരും കാസർകോഡുമായി രണ്ടുപേരെ കാണാതായി. അവർ മരിച്ചു. കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട്, അഴീക്കൽ, തലശ്ശേരി, കണ്ണൂർ എന്നിവിടങ്ങളിൽ വമ്പിച്ച തോതിലുള്ള കടലാക്രമണം ഉണ്ടായി. കണ്ണൂർ മാപ്പിളബേ ഹാർബറിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. പണി നടക്കുന്ന സ്ഥലത്തുനിന്ന് നീക്കം

LIBRARY ARCHIVES Kerala Legislative Assembly